# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2812 20.07.2011-ൽ മറുപടിയ്ക്ക്

## അധികാര വികേന്ദ്രീകരണം ശക്തമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ : | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) അധികാര വികേന്ദ്രീകരണം ശക്തമാക്കുന്നതിനും വ്യവസ്ഥാപിതമാക്കുന്നതിനുമായി മുൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) അധികാര വികേന്ദ്രീകരണം ശക്തമാക്കുന്നതിനും വ്യവസ്ഥാപിതമാക്കുന്നതിനുമായി മുൻസർക്കാർ സ്വീകരിച്ച നടപടികളിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.<br>(1)തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, മെയിൻറനൻസ് ഗ്രാൻറ്, ജനറൽ പർപ്പസ് ഗ്രാൻറ് എന്നിവ ഗഡുക്കളായി കൃത്യമായി ലഭ്യമാക്കി.<br>2.എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടറുകൾ ലഭ്യമാക്കി.<br>3. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം, പരിശോധന അംഗീകാരം എന്നിവ ഇലക്ട്രോണിക് രൂപത്തിൽ വെബ് അധിഷ്ഠിതമായ സോഫ്റ്റ്വെയർ മുഖേനയുള്ള പരിപാടികൾ നടപ്പിലാക്കി.<br>4. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ കാലോചിതമായി പുതുക്കുകയും ആയത് ഇലക്ട്രോണിക് രൂപത്തിൽ തയ്യാറാക്കുകയും ചെയ്യു.<br>5.വാർഷിക പദ്ധതി രൂപീകരണ പ്രക്രിയ രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിന് അനുമതിനൽകി.ഇതിലൂടെ വർഷാരംഭത്തിൽ തന്നെ നടപ്പിലാക്കേണ്ട പ്രോജക്ടുകൾ യഥാ സമയം നടപ്പിലാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചു.<br>6.ജില്ലാ ഗ്രാമവികസന ഏജൻസികൾ ജില്ലാ പഞ്ചായത്തുകളിൽ ലയിപ്പിച്ച് ജില്ലാപഞ്ചായത്തിൽ ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകൾ സ്ഥാപിച്ചു.<br>7. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ |

| | | | |
|---|---|---|---|
| | | | സോഷ്യൽ ഓഡിറ്റ് ശക്തമാക്കുന്നതിന്റെ ഭാഗമായി ഒരു സോഷ്യൽ ഓഡിറ്റ് സെൽ രൂപീകരിച്ചു.<br>8.തദ്ദേശസ്വയം ഭരണ വകുപ്പിനു ഒരു എഞ്ചിനീയറിംഗ് വിഭാഗം രൂപീകരിച്ചു. |
| (ബി) | 2006 ജൂൺ മുതൽ 2011 ഏപ്രിൽ വരെ തദ്ദേശസ്വയം ഭരണ വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായിഎന്ന് വ്യക്തമാക്കുമോ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | 2006 ജൂൺ മുതൽ 2011 ഏപ്രിൽ വരെ തദ്ദേശസ്വയം ഭരണവകുപ്പിലെ എഞ്ചിനീയറിംഗ് വിംഗിൽ എത്ര തസ്തികകൾ സൃഷ്ടിച്ചു വെന്ന് വ്യക്തമാക്കാമോ; | (സി) | 55 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ഡി) | തദ്ദേശസ്വയംഭരണ വകുപ്പുകളുടെ പ്രവർത്തനത്തിന് ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ളഅവാർഡ് എന്നാണ് കേരളത്തിന് ലഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | തദ്ദേശസ്വയംഭരണവകുപ്പുകളുടെ പ്രവർത്തനത്തിന് ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിന് ലഭിച്ചത് 2009-10 വർഷത്തിലാണ്.<br>കേന്ദ്രസർക്കാരിന്റെ പഞ്ചായത്തുകളുടെ ശാക്തീകരണവും ഉത്തരവാദിത്വവും പ്രോത്സാഹിപ്പിക്കുന്ന സ്കീം പ്രകാരമാണ് (Panchayat Employment and Accountability Incentive Scheme(PEAIS) സംസ്ഥാനത്തിന് 2009-2010 വർഷത്തിൽ ഒന്നാം സ്ഥാനം ലഭിച്ചത്. ഇത് സംബന്ധിച്ച അവാർഡ് 2010 ഏപ്രിൽ 24 -നാണ് ലഭിച്ചത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

പഞ്ചായത്തു വകുപ്പിൽ അഡീഷണൽ ഡയറക്ടർ ഓഫ് പഞ്ചായത്ത്-1, ഹെഡ് ക്ലാർക്ക്-16, അക്കൗണ്ടൻറ്-339, എൽ.ഡി.സി-342, പ്യൂൺ-49, പാർട്ട് ടൈം സ്വീപ്പർ-18, മെക്കാനിക്ക്-1, ടൈപ്പിസ്റ്റ്-13, കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് -1 എന്നീ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിൻെറ 6.08.10-ലെ സ.ഉ(എം.എസ്)നമ്പർ170/2010 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്ത് ഓണറേറിയം വ്യവസ്ഥയിൽ 11 ഇനപരിപാടിയിൽ നിയമനം ലഭിച്ച 300 ലൈബ്രേറിയൻമാർ,147 നഴ്സറി ടീച്ചർ, 134 ആയമാർ എന്നിവരെ പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാരായി സ്ഥിരപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതിയും നൽകിയിട്ടുണ്ട്.

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിന്/കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

1.എട്ട് ജില്ലയിൽ ജോയിൻറ് ഡെവലപ്മെൻറ് കമ്മീഷണർ കേഡറിലുള്ള ജോയിൻറ് പ്രോഗ്രാം കോ-ഓർഡിനേറ്റർ തസ്തികൾ സൃഷ്ടിച്ചു.

2. 65 ബ്ളോക്കുകളിൽ ബ്ലോക്ക് പ്രോഗ്രാം കോ -ഓർഡിനേറ്റർ തസ്തികകൾ സൃഷ്ടിച്ചു.

3.ആസ്ഥാന തൊഴിലുറപ്പ് സ്റ്റേറ്റ് സെല്ലിൽ 8 പ്രോഗ്രാം ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിച്ചു.

4.സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓരോ അക്കൗണ്ടൻറ് കം-കമ്പ്യൂട്ടർ ഓപ്പറേറ്ററേയും അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസീയറേയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി.

5. എല്ലാ ബ്ലോക്കുകളിലും ഓരോ അക്കൗണ്ടൻറ്-കം- കമ്പ്യൂട്ടർ ഓപ്പറേറ്ററേയും അക്രഡിറ്റ് എഞ്ചിനീയർ/ ഓവർസീയർമാരേയും ജില്ലാതലത്തിൽ ഓരോ ഐ.റ്റി.പ്രൊഫഷണലിനേയും അക്കൗണ്ടൻറ്-കം ഡേറ്റാഎൻട്രി ഓപ്പറേറ്ററേയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി.

6.സംസ്ഥാനതലത്തിൽ ഒരു ഐ.റ്റി.പ്രൊഫഷണലിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി.

സംസ്ഥാനത്തെ നഗരസഭകളോട് കൂട്ടിച്ചേർത്ത പഞ്ചായത്തുകളിൽ 27.12.2010-ലെ സർക്കാർ ഉത്തരവ് (എം.എസ്) 310/10/എൽ.എസ്.ജി.ഡി. നമ്പർ പ്രകാരം 222 പുതിയ വിവിധ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

S-O